## സെമസ്റ്റർ : നാല്

| | | |
|---|---|---|
| **സെമസ്റ്റർ** | : | **IV** |
| **കോഴ്സ് കോഡ്** | : | **ML 1411.1** |
| **ലാംഗ്വേജ് കോഴ്സ്** | : | **IX (അഡീഷണൽ ലാംഗ്വേജ് : IV)** |
| **സമയക്രമം** | : | **ആഴ്ചയിൽ 5 മണിക്കൂർ (18 ആഴ്ചയിൽ 90 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **4** |

## ദൃശ്യകലാസാഹിത്യം

### (പാഠപുസ്തകം: ദൃശ്യകൗമുദി- കേരളസർവ്വകലാശാലാ പ്രസിദ്ധീകരണം)

**പഠനഫലപ്രാപ്തി**

1. കേരളത്തിലെ ദൃശ്യകലാസംസ്കാരത്തിന്റെ സമ്പന്നതയും വൈവിധ്യവും കണ്ടെത്തി വിവരിക്കുന്നു.
2. രചനയിൽ നിന്ന് പ്രയോഗത്തിലേക്കുള്ള പരിണാമത്തെക്കുറിച്ച് പരിശോധന നടത്തുന്നു.
3. കഥകളി, തുള്ളൽ, നാടകം, സിനിമ എന്നീ കലാരൂപങ്ങളെയും അവയ്ക്ക് ആധാരമായ സാഹിത്യകൃതികളെയും ചേർത്തുവച്ച് നിരൂപിക്കുന്നു.
4. ദൃശ്യകലകളെ വിമർശാത്മകമായി ആസ്വദിക്കുന്നു.
5. നാടകം, തിരക്കഥ എന്നിവ രചിക്കുന്നു.
6. അഭിനയം, തിരക്കഥാരചന, നാടകരചന, തുടങ്ങി കലകളുടെ ക്രിയാത്മകാവിഷ്കാരത്തിന് നേതൃത്വം നൽകുന്നു.

### മൊഡ്യൂൾ : ഒന്ന് (36 മണിക്കൂർ)

### ആട്ടക്കഥ, തുള്ളൽസാഹിത്യം

കഥകളിയുടെ ഉത്ഭവവികാസപരിണാമങ്ങൾ - സവിശേഷതകൾ- ആട്ടക്കഥാസാഹിത്യം - പ്രധാന ആട്ടക്കഥാകൃത്തുക്കൾ - തുള്ളൽപ്രസ്ഥാനം - ചരിത്രം - വികാസപരിണാമങ്ങൾ - കുഞ്ചൻനമ്പ്യാർ- തുള്ളൽസാഹിത്യം - സാമാന്യപരിചയം.

**വിശദപഠനം**

1. നളചരിതം മൂന്നാം ദിവസം (ഒന്നു മുതൽ നാലു വരെ രംഗങ്ങൾ)- ഉണ്ണായിവാരിയർ
2. കിരാതം (ഓട്ടൻതുള്ളൽ) - കുഞ്ചൻ നമ്പ്യാർ.
   (‘ഗിരിവരമകളുടെ കളവചനം’ മുതൽ ‘തുള്ളിയലഞ്ഞു വലഞ്ഞു കിരീടി’ വരെ).

### മൊഡ്യൂൾ : രണ്ട് (36 മണിക്കൂർ)

### നാടകസാഹിത്യം

നാടകം എന്ന ദൃശ്യകല - സാഹിത്യരൂപം - മലയാള നാടകപ്രസ്ഥാനം - ആരംഭ വികാസചരിത്രം സാമാന്യാവലോകനം- ആദ്യകാലനാടകപരിഭാഷകൾ- സംസ്കൃതനാടക സ്വാധീനം- ഗദ്യനാടകങ്ങളുടെ ആരംഭം- യഥാതഥ നാടകം- ആധുനികനാടകം- സമകാലിക നാടകങ്ങൾ

**വിശദപഠനത്തിന്**

1. സ്വപ്നവാസവദത്തം (ഗദ്യപരിഭാഷ)– പ്രൊഫ.പന്മന രാമചന്ദ്രൻ നായർ
2. അടുക്കള – എൻ.ശശിധരൻ

**മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)**

**തിരക്കഥാപഠനം**

**പഠനഫലപ്രാപ്തി**

1. മലയാളസിനിമയുടെ ചരിത്രത്തെക്കുറിച്ച് സാമാന്യമായ അറിവുനേടുന്നു.
2. സാങ്കേതികത്തികവും കലാമേന്മയുമുള്ള ചലച്ചിത്രങ്ങളെ ഗൗരവത്തോടെ സമീപിക്കാൻ പ്രേരണയുണ്ടാകുന്നു.
3. മികച്ച ചലച്ചിത്രസൃഷ്ടികൾ കാണുന്നു. അവയുടെ തിരക്കഥ സൂക്ഷ്മമായി വായിക്കുന്നു.
4. സ്വന്തം അഭിരുചിക്കനുസരിച്ച് അഭിനയം തിരക്കഥാരചന, സംവിധാനം തുടങ്ങിയ കാര്യങ്ങൾ പരിശീലിക്കാനുള്ള താൽപര്യമുണ്ടാകുന്നു.

ചലച്ചിത്രനിർമ്മിതിയിൽ തിരക്കഥയ്ക്കുള്ള പ്രാധാന്യം– ലോകപ്രസിദ്ധ തിരക്കഥകൾ– തിരക്കഥാരചനയുടെ ഘട്ടങ്ങൾ– സ്വതന്ത്രതിരക്കഥയും അനുവർത്തനവും– മലയാളത്തിലെ പ്രമുഖ തിരക്കഥാകൃത്തുക്കൾ– എം.ടി– പത്മരാജൻ– അടൂർ ഗോപാലകൃഷ്ണൻ– ലോഹിതദാസ്– തിരക്കഥ സാഹിത്യരൂപം എന്ന നിലയിൽ.

**വിശദപഠനത്തിന്**

മഴ – ലെനിൻ രാജേന്ദ്രൻ

**സഹായകഗ്രന്ഥങ്ങൾ**


1. കൈരളിയുടെ കഥ - പ്രൊഫ. എൻ. കൃഷ്ണപിള്ള.
2. ആധുനിക സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ - കെ. എം. ജോർജ് (എഡി.)
3. ആട്ടക്കഥാസാഹിത്യം– പ്രൊഫ.അയ്മനം കൃഷ്ണക്കൈമൾ
4. കഥകളിപ്രവേശിക - പ്രൊഫ.വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള
3. നളചരിതം ആട്ടക്കഥ - കൈരളീവ്യാഖ്യാനം - പ്രൊഫ. പന്മന രാമചന്ദ്രൻനായർ
4. ഉയരുന്ന യവനിക - സി.ജെ. തോമസ്, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
5. മലയാള നാടകസാഹിത്യചരിത്രം - ജി. ശങ്കരപ്പിള്ള.
6. മലയാളനാടകസാഹിത്യചരിത്രം - ഡോ. വയലാ വാസുദേവൻ പിള്ള.
7. സിനിമയുടെ വ്യാകരണം - ഡോ. ടി. ജിതേഷ്.
8. അരങ്ങിലെ ആധുനികീകരണം - ഡോ. സീമ ജെറോം.
9. തിരക്കഥാരചന : കലയും സിദ്ധാന്തവും - ജോസ് കെ. മാനുവൽ.
10. കഥയും തിരക്കഥയും - ആർ. വി. എം. ദിവാകരൻ.
11. സുവർണ ചകോരത്തിന്റെ കഥ - ശാന്തൻ (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.)
12. വിശ്വോത്തര തിരക്കഥകൾ– വിജയകൃഷ്ണൻ
13. മലയാളസിനിമയുടെ കഥ– വിജയകൃഷ്ണൻ
14. ചലച്ചിത്രത്തിന്റെ പൊരുൾ - വിജയകൃഷ്ണൻ
15. എം.ടി.യുടെ തിരക്കഥകൾ– എം.ടി.വാസുദേവൻ നായർ
16. സിനിമയുടെ ലോകം - അടൂർ ഗോപാലകൃഷ്ണൻ

| | | |
|---|---|---|
| **സെമസ്റ്റർ** | **:** | **IV** |
| **കോഴ്സ് കോഡ്** | **:** | **ML 1441** |
| **കോർ കോഴ്സ്** | **:** | **IV** |
| **സമയക്രമം** | **:** | **ആഴ്ചയിൽ 5 മണിക്കൂർ (18 ആഴ്ചയിൽ 90 മണിക്കൂർ)** |
| **ക്രെഡിറ്റ്** | **:** | **4** |

## ആധുനിക മലയാളകവിത

### പഠനഫലപ്രാപ്തി

1. ആധുനിക കവിത്രയ കവിതകൾ (കാല്പനിക കവിത ഒന്നാംഘട്ടം) മുതൽ മലയാളകവിതയിലുണ്ടായ ഭാഷാപരവും ഭാവുകത്വപരവുമായ പരിണാമം വിമർശനാത്മകമായി അപഗ്രഥിക്കുന്നു.
2. പാശ്ചാത്യ സമ്പർക്കഫലമായി കവിതയുടെ പ്രമേയത്തിലും രൂപ-ഭാവങ്ങളിലും സംഭവിച്ച മാറ്റം സൂക്ഷ്മപഠനവിധേയമാക്കുന്നു.
3. പ്രതീകം, ബിംബകല്പന തുടങ്ങിയ വിവിധ ആവിഷ്കരണോപാധികളുടെ പ്രയോഗം ആധുനികഘട്ട കവിതകളിൽ എത്രത്തോളമെന്ന് തിരിച്ചറിഞ്ഞ് വ്യത്യസ്ത വീക്ഷണങ്ങളിൽ പരിശോധിക്കാൻ പ്രാപ്തി നേടുന്നു.
4. ആധുനികാനന്തര മലയാളകവിതയിലെ ഭാഷാപരവും രചനാപരവും ഘടനാപരവുമായ സവിശേഷതകളെ സർഗ്ഗാത്മകമായി വിലയിരുത്തി പുതിയ വ്യവഹാര രൂപങ്ങൾ സൃഷ്ടിക്കുന്നു.
5. ആധുനികഘട്ട മലയാളകവിതയുടെ വ്യത്യസ്തതകളിലൂന്നിയുള്ള കാവ്യാസ്വാദന/ആലാപന/സൃഷ്ടിനൈപുണികൾ നേടുകയും പ്രയോഗിക്കുകയും ചെയ്യുന്നു.
6. കവിതയും സമൂഹവും തമ്മിലുള്ള ബന്ധങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സൂക്ഷ്മമായ പരിണാമങ്ങൾ വിലയിരുത്താൻ പ്രാപ്തി നേടുന്നു.

### മൊഡ്യൂൾ : ഒന്ന് (27 മണിക്കൂർ)

### കാല്പനികകവിത - ഒന്നാംഘട്ടം

### പഠനഫലപ്രാപ്തി

1. ആധുനിക കവിത്രയത്തിന്റെ കൃതികളിൽ പ്രകടമാകുന്ന കാല്പനികാംശങ്ങളെ കണ്ടെത്തുന്നു.
2. ആധുനികതയുടെ ആദ്യകിരണങ്ങൾ കവിത്രയകവിതകളിൽ എത്രത്തോളമെന്ന് ചർച്ച ചെയ്ത് നിഗമനങ്ങൾ രൂപപ്പെടുത്തുന്നു.
3. കവിത്രയ കവിതകളുടെ പ്രമേയപരവും ശില്പപരവും ഭാവുകത്വപരവുമായ സവിശേഷതകൾ താരതമ്യം ചെയ്ത് പുതിയ പരികല്പനകൾ സൃഷ്ടിക്കുന്നു.
4. കവിത്രയ കവിതകളുടെ സവിശേഷഘടകങ്ങൾ വിമർശനാത്മകമായി സ്വാംശീകരിച്ച് മറ്റ് വ്യവഹാരരൂപങ്ങൾ സൃഷ്ടിക്കുന്നു.

കാല്പനിക പൂർവ്വകവിത - കാല്പനികത - ഏ.ആർ.രാജരാജവർമ്മ, വി.സി. ബാലകൃ

ഷ്ണപ്പണിക്കർ, കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ, കെ.സി.കേശവപിള്ള – നിയോ ക്ലാസിക് പ്രവണതകളിൽനിന്നുള്ള മാറ്റം – പ്രാസവാദം – ഖണ്ഡകാവ്യം – ഭാവഗീതം – ലഘുകവിത – ഭാവഗാനം – ആധുനികതയുടെ ആദ്യകിരണങ്ങൾ – ഇതിവൃത്തസ്വീകരണം – ദേശീയ ബോധം– സ്വാതന്ത്ര്യചിന്ത – കർമ്മവീര്യം തുടങ്ങിയവ. ശില്പപരമായ സവിശേഷതകൾ – കവിതാ വിവർത്തനം – പാരമ്പര്യവും ആധുനികതയും തമ്മിലുള്ള സംഘർഷം

**വിശദപഠനത്തിന്**

| | | | |
|---|---|---|---|
| 1. | ചിന്താവിഷ്ടയായ സീത (ആദ്യത്തെ 41 ശ്ലോകങ്ങൾ) | – | കുമാരനാശാൻ |
| 2. | തുമ്പപ്പൂവ് | – | ഉള്ളൂർ എസ്. പരമേശ്വരയ്യർ |
| 3. | ഭക്തിയും വിഭക്തിയും | – | വള്ളത്തോൾ |

## മൊഡ്യൂൾ : രണ്ട് (27 മണിക്കൂർ)

## കാല്പനിക കവിത – രണ്ടാംഘട്ടം

**പഠനഫലപ്രാപ്തി**

1. കാല്പനികതയുടെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് അതിന്റെ സ്വാധീനം കവിത്രയാനന്തരകവിതകളിൽ എങ്ങനെയാണ് പ്രതിഫലിക്കുന്നതെന്ന് വിമർശനാത്മകമായി ചർച്ചചെയ്യുന്നു.
2. കവിത്രയാനന്തര കവിതകളുടെ പ്രമേയപരിസരങ്ങൾ താരതമ്യം ചെയ്ത് വികാസതലങ്ങളെക്കുറിച്ചുള്ള പൊതുനിഗമനങ്ങൾ രൂപപ്പെടുത്തുന്നു.
4. ഭാഷാപരവും ഘടനാപരവും ഭാവപരവുമായ ഘടകങ്ങൾ ചർച്ചചെയ്ത് പുതിയ ആസ്വാദന/ആലാപനതലങ്ങൾ രൂപപ്പെടുത്തുന്ന സൃഷ്ടികൾ നടത്തുന്നു.

കാല്പനികതയുടെ ഭാവരൂപപരിണാമം – പാശ്ചാത്യ കാവ്യരൂപങ്ങളുടെ സ്വാധീനം – വിഷാദം – പ്രണയം – മൃത്യു – വ്യത്യസ്ത പ്രമേയങ്ങൾ – പാസ്റ്ററൽ എലിജി – കവിതയും സംഗീതവും – വൈയക്തികത – പ്രസ്ഥാനങ്ങളുടെ സ്വാധീനം – കാല്പനിക ഭാവങ്ങളിൽ നിന്ന് ഗഹനതലങ്ങളിലേക്ക് – ആഖ്യാനകവിത – കവിതയുടെ ജീവിതാഭിമുഖ്യം – ആധുനികതയുടെ സ്വഭാവവിശേഷങ്ങളിലേക്ക് പരിണമിക്കുന്ന സന്ദർഭങ്ങൾ.

**വിശദപഠനത്തിന്**

| | | | |
|---|---|---|---|
| 1. | സാഗരഗീതം | – | ജി.ശങ്കരക്കുറുപ്പ് |
| 2. | മണിനാദം | – | ഇടപ്പള്ളി |
| 3. | കയ്പവല്ലരി | – | വൈലോപ്പിള്ളി |
| 4. | പള്ളിക്കൂടത്തിലേക്കു വീണ്ടും | – | ഇടശ്ശേരി |
| 5. | സുഫല | – | ഒളപ്പമണ്ണ |
| 6. | ഓർക്കുക വല്ലപ്പോഴും | – | പി.ഭാസ്ക്കരൻ |